13186
27/8/16

File No.CLAD-A2/255/2016-CLAD

കേരള സർക്കാർ

സാംസ്കാരിക കാര്യ വകുപ്പ് - ശ്രീനാരായണ ഗുരുദേവന്റെ "നമുക്ക് ജാതിയില്ല വിളംബരം' പ്രഖ്യാപനത്തിന്റെ നൂറാം വാർഷികം ആചരിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (എ) വകുപ്പ്

**G.O.(Rt)No. 284/2016/CLAD** തീയതി, തിരുവനന്തപുരം,23/08/2016

## ഉത്തരവ്

ശ്രീനാരായണ ഗുരുവിന്റെ 'നമുക്ക് ജാതിയില്ലാ' വിളംബരത്തിന്റെ നൂറാം വാർഷികം സാംസ്കാരിക കാര്യ വകുപ്പും, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പും, സംസ്ഥാന ലൈബ്രറി കൗൺസിലും സംയുക്തമായി ആചരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിപുലമായ പരിപാടികൾ സംഘടിപ്പിക്കുവാനും, ലൈബ്രറികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും കൊല്ല വർഷം 1091 ഇടവം 15-ന് ശ്രീനാരായണ ഗുരു പുറപ്പെടുവിച്ച വിളംബരത്തിന്റെ പൂർണ്ണരൂപം ആകർഷകമായി അച്ചടിച്ച് സ്ഥാപിക്കുന്നതാണ്.

ശ്രീനാരായണ ഗുരുദേവന്റെ "നമുക്ക് ജാതിയില്ല വിളംബരം' പ്രഖ്യാപനത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് ബഹു: മുഖ്യമന്ത്രി നിർവഹിക്കുന്നതിനും അതാത് ജില്ലകളിൽ താഴെ പറയുന്ന മന്ത്രിമാരുടെ ചുമതലയിൽ ജില്ലാതല പരിപാടികൾ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നമ്പർ | ജില്ലയുടെ പേര് | മന്ത്രിയുടെ പേര് |
|---|---|---|
| 1 | തിരുവനന്തപുരം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| 2 | കൊല്ലം | ശ്രീമതി.ജെ.മേഴ്സിക്കുട്ടിയമ്മ |
| 3 | പത്തനംതിട്ട | ശ്രീ. മാത്യു ടി. തോമസ് |
| 4 | ആലപ്പുഴ | ശ്രീ. ജി.സുധാകരൻ |
| 5 | കോട്ടയം | ശ്രീ. പി.തിലോത്തമൻ |
| 6 | ഇടുക്കി | ശ്രീ. എ.സി.മൊയ്തീൻ |
| 7 | എറണാകുളം | ശ്രീ. ഇ.പി.ജയരാജൻ |
| 8 | തൃശ്ശൂർ | ശ്രീ. വി.എസ്.സുനിൽ കുമാർ |
| 9 | പാലക്കാട് | ശ്രീ. എ.കെ.ബാലൻ |
| 10 | മലപ്പുറം | ശ്രീ. കെ.ടി.ജലീൽ |
| 11 | കോഴിക്കോട് | ശ്രീ. ടിപി.രാമകൃഷ്ണൻ |
| 12 | വയനാട് | ശ്രീ. എ.കെ.ശശീന്ദ്രൻ |

**File No.CLAD-A2/255/2016-CLAD**

| | | |
|---|---|---|
| 13 | കണ്ണൂർ | ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ |
| 14 | കാസർഗോഡ് | ശ്രീ. ഇ.ചന്ദ്രശേഖരൻ |

പ്രസ്തുത ആഘോഷ പരിപാടികളുടെ വിജയകരമായ നടത്തിപ്പിന് എല്ലാ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ആത്മാർത്ഥമായ സഹകരണം സർക്കാർ പ്രതീക്ഷിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**RANI GEORGE**
**SECRETARY**

To എല്ലാ വകുപ്പദ്ധ്യക്ഷൻമാർക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി/പ്രസിഡന്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന സാക്ഷരതാ മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (എ & ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (19.8.2016-ലെ ഇനം 212 പ്രകാരം)
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-08-2016.

21 AUG 2016

ഇനം നം: 212
C.A.

**വിഷയം :** സാംസ്കാരിക കാര്യ വകുപ്പ് - ശ്രീനാരായണ ഗുരുവിന്റെ "നമുക്ക് ജാതിയില്ല" വിളംബരത്തിന്റെ നൂറാം വാർഷികം ആചരിക്കുന്നത്.

**തീരുമാനം :** ശ്രീനാരായണ ഗുരുവിന്റെ "നമുക്ക് ജാതിയില്ല" വിളംബരത്തിന്റെ നൂറാം വാർഷികം സാംസ്കാരിക കാര്യ വകുപ്പും കേരള ലൈബ്രറി കൗൺസിലും സംയുക്തമായി ആചരിക്കുവാൻ തീരുമാനിച്ചു.

ഇതിനായി എല്ലാ ജില്ലകളിലും വിപുലമായ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. ഇതിനു പുറമെ ലൈബ്രറികളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലും കൊല്ല വർഷം 1091 ഇടവം 15-ന് ശ്രീനാരായണ ഗുരു പുറപ്പെടുവിച്ച വിളംബരത്തിന്റെ പൂർണരൂപം ആകർഷകമായി അച്ചടിച്ച് സ്ഥാപിക്കുന്നതിനും തീരുമാനിച്ചു.

തിരുവനന്തപുരത്തുവച്ച് ബഹു. മുഖ്യമന്ത്രി സംസ്ഥാനതലത്തിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് ഈ പരിപാടികൾ ആരംഭിക്കുന്നതിനും അതാത് ജില്ലകളിൽ താഴെപ്പറയുന്ന മന്ത്രിമാരുടെ ചുമതലയിൽ ജില്ലാതല പരിപാടികൾ നടത്തുന്നതിനും തീരുമാനിച്ചു.

| | |
|---|---|
| തിരുവനന്തപുരം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| കൊല്ലം | ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ |
| പത്തനംതിട്ട | അഡ്വ. മാത്യു ടി. തോമസ് |
| ആലപ്പുഴ | ശ്രീ. ജി. സുധാകരൻ |

(..2)

| | |
|---|---|
| കോട്ടയം | ശ്രീ. പി. തിലോത്തമൻ |
| ഇടുക്കി | ശ്രീ. എ.സി. മൊയ്തീൻ |
| എറണാകുളം | ശ്രീ. ഇ.പി. ജയരാജൻ |
| തൃശ്ശൂർ | അഡ്വ. വി.എസ്. സുനിൽകുമാർ |
| പാലക്കാട് | ശ്രീ. എ.കെ. ബാലൻ |
| മലപ്പുറം | ഡോ. കെ.ടി. ജലീൽ |
| കോഴിക്കോട് | ശ്രീ. ടി.പി. രാമകൃഷ്ണൻ |
| വയനാട് | ശ്രീ. എ.കെ. ശശീന്ദ്രൻ |
| കണ്ണൂർ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ |
| കാസറഗോഡ് | ശ്രീ. ഇ. ചന്ദ്രശേഖരൻ |

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

സെക്രട്ടറി, പൊതുഭരണ വകുപ്പ്.

മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്- ഇക്കാര്യം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നാലും.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക് - ഇക്കാര്യം ബഹു. മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നാലും.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്ക്.